പദ്ധതികളുടെ ഫലപ്രാപ്തിയെ സൂചിപ്പിക്കുന്നതാണ്. കമ്മ്യൂണിറ്റി കിച്ചനുകളുടെ നടത്തിപ്പ് ചുമതല സാമൂഹ്യക്ഷേമ വകുപ്പിനായിരുന്നു. നിലവിൽ എൻ.ആർ. എൽ.എം.-ന് കീഴിലാണ് കമ്മ്യൂണിറ്റി കിച്ചനുകൾ പ്രവർത്തിച്ചുവരുന്നത്. നിലവിൽ 130 കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തിച്ചുവരുന്നു. ആയതിന്റെ പ്രവർത്തനം പൊതുവെ തൃപ്തികരമാണ്.

ടൈബൽ പ്രൊമോട്ടർമാർക്ക് ഓണറേറിയം നൽകുന്നതിലുള്ള വീഴ്ച

294 (642) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൈബൽ പ്രൊമോട്ടർമാർക്ക് ഓണറേറിയം നൽകുന്നതിനും അവബോധ പരിപാടികളും പരിശീലനവും നൽകുന്നതിനും ആശുപത്രിയിലുള്ള രോഗികളെ പരിചരിക്കുന്നതിനുമായി 2014-15-ലെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള 9 കോടി രൂപയിൽ നാല് കോടി 98 ലക്ഷത്തി രണ്ടായിരം രൂപ മാത്രമേ ചെലവാക്കാൻ കഴിഞ്ഞുള്ളൂ എന്നത് പട്ടികവർഗ്ഗ വികസനത്തിന്റെ ഗുണഫലങ്ങൾ അവരിലേക്ക് പൂർണ്ണമായും എത്തിക്കാൻ സാധിക്കുന്നതിലുള്ള സർക്കാരിന്റെ വീഴ്ചയായി കരുതുന്നുണ്ടോ ;

(ബി) ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) നടപ്പു സാമ്പത്തിക വർഷം ഇതിലേക്കായി എന്ത് തുകയാണ് വകയിരുത്തിയതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) വീഴ്ചയായി കരുതുന്നില്ല.

(ബി) എസ്.റ്റി/ഹെൽത്ത് പ്രൊമോട്ടർമാർക്ക് നിലവിൽ ഓണറേറിയം 4000 രൂപയും ഹെൽത്ത് പ്രൊമോട്ടർമാർക്ക് അധികമായി യാത്രാബത്ത പ്രതിമാസം 500 രൂപയും നൽകിവരുന്നു. എസ്.റ്റി/ഹെൽത്ത് പ്രൊമോട്ടർമാരുടെ ഓണറേറിയം 8000 രൂപയായും യാത്രാബത്ത 1,000 രൂപയായും വർദ്ധിപ്പിച്ചു നൽകുന്നതിനുള്ള ബഡ്ജറ്റ് നിർദ്ദേശത്തിൽ തീരുമാനമാകാത്തതിനാലാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന മുഴുവൻ തുകയും ചെലവഴിക്കാൻ സാധിക്കാതിരുന്നത്.

(സി) നടപ്പു സാമ്പത്തിക വർഷം 1100 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly